എക്സൈസ്, പിന്നോക്ക വിഭാഗ സമുദായ-ക്ഷേമവകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, നേരത്തേ ഒരു ഗുണഭോക്താവിന് ഭൂമി വാങ്ങാൻ നൽകിയിരുന്നത് 5,000 രൂപയാണ്. ആ 5,000 രൂപ 10,000 രൂപയാക്കിയിട്ടുണ്ട്. അതുപോലെ ഭവന നിർമ്മാണത്തിനുള്ള ഗ്രാന്റ് 10,000 രൂപയിൽനിന്ന് 15,000 രൂപയാക്കി 12-12-1995 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് രണ്ടുംകൂടി ചേർത്ത് ഒരു വീടു വയ്ക്കുന്നതിന് 25,000 രൂപ ഗ്രാന്റായി നൽകുന്നുണ്ട്. ഇതും അപര്യാപ്തമാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഭൂമിയുടേയും മറ്റു നിർമ്മാണ സാമഗ്രികളുടെയും വർദ്ധിച്ചുവരുന്ന വിലകൂടി കണക്കിലെടുത്ത് ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഒരു വർഷത്തിനുള്ളിലാണ് 25,000 രൂപയായി വർദ്ധിപ്പിച്ചത്. ഇനിയും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(48) വന്യമൃഗങ്ങളിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കാൻ കമ്പിവേലി കെട്ടണമെന്ന ആവശ്യം

ശ്രീ. ടി. ചാത്തു: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, നെൻമാറ, അയിലൂർ എന്നീ അഞ്ചു പഞ്ചായത്തുകളുടെ അതിർത്തി പ്രദേശം മുഴുവൻ മലയും വനവും നിറഞ്ഞതാണ്. ഈ പഞ്ചായത്തുകളുടെ താഴ്വരയിൽ ആയിരക്കണക്കിന് കൃഷിക്കാർ കൃഷി ചെയ്യുന്നു. മേൽ പ്രസ്താവിച്ച വനപ്രദേശമാകെ വന്യമൃഗസംരക്ഷണ മേഖലയാണ്. വനത്തിൽ നിന്ന് ആന, പന്നി, പുലി തുടങ്ങിയ വന്യമൃഗങ്ങൾ കൂട്ടമായി ഇറങ്ങി ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന കാർഷിക വിളകൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മാസം മുമ്പ് കൽച്ചാടി എന്ന പ്രദേശത്ത് എഴ് ആനകൾ ഒരുമിച്ചിറങ്ങി ഒരാഴ്ചക്കാലം മുഴുവൻ ലക്ഷക്കണക്കിനു രൂപയുടെ കൃഷിയും മറ്റും നശിപ്പിച്ചു; വാഴ, തെങ്ങ്, നെല്ല്, നാളികേരം, കവുങ്ങ്, മുതലായവയെല്ലാം തകർത്തു. ജനങ്ങൾക്ക് നോക്കി നിൽക്കാനല്ലാതെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. വെടി വയ്ക്കാൻ അധികാരവുമില്ല. ഈ സാഹചര്യമുള്ളതുകൊണ്ട് ഈ വനമേഖലയിൽ സർക്കാർ ഒരു വേലി കെട്ടിയാൽ മതി. ഇന്ത്യാ രാജ്യത്തിന്റെ അതിർത്തിയിലാകെ വേലികെട്ടാൻ നമ്മുടെ ഗവൺമെന്റിന് കഴിയുമെങ്കിൽ ഈ കൃഷിക്കാരുടെ ലക്ഷക്കണക്കിന് രൂപ വിലവരുന്ന വിളകൾ ഓരോ വർഷവും നശിപ്പിക്കുന്ന ഈ മൃഗങ്ങളിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിന് വനാതിർത്തിയിൽ ഒരു വേലി കെട്ടണം.. ഇവർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം കൊടുത്തേ മതിയാകൂ. അതുകൊണ്ട് വേലികെട്ടലാണ് ഗുണപ്രദം. ഇക്കാര്യങ്ങൾക്കുവേണ്ടി വനംവകുപ്പ് എത്രയോ രൂപ ചെലവാക്കുന്നുണ്ട്. അക്കൂട്ടത്തിൽ രണ്ടു മൂന്നു വർഷംകൊണ്ട് ഈ വനമേഖല മുഴുവൻ കമ്പിവേലി നിർമ്മിച്ച് കൃഷിക്കാരെ സഹായിക്കണമെന്നാണ് എനിക്ക് വനംവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വന്യജീവി സംരക്ഷണം ശക്തിയായി നടക്കുന്നതുകൊണ്ട് വന്യജീവികൾ കുറച്ചു വർദ്ധിച്ചിട്ടുണ്ട്. വനപ്രദേശത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ശല്യങ്ങളും ആക്രമണങ്ങളുമുണ്ട്. വയനാട്ടിൽ ഇതു കൂടുതലുള്ളതുകൊണ്ട് വയനാട്ടിൽ കുറെയധികം സ്ഥലത്തു വേലി കെട്ടി തിരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ പ്രദേശത്തിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രയോറിറ്റി കൊടുത്ത് വേലികെട്ടി തിരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അതുപോലെ കോമ്പൻസേഷൻ കൊടുക്കുന്നതിനും ഇപ്പോഴും വ്യവസ്ഥയുണ്ട്. മൃഗങ്ങളുടെ ശല്യം വീടുകൾക്കുണ്ടായാൽ, കന്നുകാലികൾക്കും കൃഷിക്കുമുണ്ടായാൽ, നാശനഷ്ടമുണ്ടായാൽ അതിനും കോമ്പൻസേഷൻ കൊടുക്കുന്നതിന് വ്യവസ്ഥയുണ്ട്. ചട്ടങ്ങളം പ്രകാരം സംഭവം നടന്നു മൂന്നു മാസത്തിനകം റെയിഞ്ചർ മുഖേന ഡിവിഷണൽഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സമർപ്പിച്ച അപേക്ഷകളിലെല്ലാം വളരെയധികം രൂപ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കേസുകളിൽ കോമ്പൻസേഷനുള്ളതുണ്ടെങ്കിൽ അതു മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയാൽ എത്രയും വേഗം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ കമ്പി വേലി കെട്ടിക്കൊണ്ടിരിക്കുന്നത് താരതമ്യേന പ്രയോറിറ്റി നോക്കിയാണ്. ഈ പ്രദേശം കൂടി അതിലുൾപ്പെടുത്താൻ പറ്റുമോ എന്നു പരിശോധിക്കുന്നതാണ്.

(49) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിനേറയും ജീവനക്കാരുടെ ക്വാർട്ടേഴ്സിനേറയും ശോച്യാവസ്ഥ

ശ്രീ. ഇ. ശങ്കരൻ: സർ, കേരളത്തിലെ വിദ്യാലയങ്ങൾക്ക് ആവശ്യമായ പുസ്തകങ്ങൾ അച്ചടിക്കുന്നതിനുവേണ്ടിയാണ് 1960-ൽ ഷൊർണ്ണൂരിൽ ഗവൺമെന്റ് പ്രസ്സ് സ്ഥാപിച്ചത്. ഈ പ്രസ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്സിനോടനുബന്ധിച്ച് ടെക്സ്റ്റ് ബുക്ക്, സ്റ്റേഷനറി തുടങ്ങിയവയ്ക്കുവേണ്ടിയുള്ള കെട്ടിടങ്ങൾ പണി ചെയ്തു. പക്ഷേ ബുക്കിന്റെ അച്ചടി ക്രമേണ പല ഭാഗത്തേക്കായി കൊണ്ടുപോകുകയും ഈ പ്രസ്സിൽ അച്ചടിക്കാൻ സാധിക്കാത്ത വിധത്തിൽ, ആധുനികമായ യന്ത്രസാമഗ്രികൾ ഇല്ലാത്തതിന്റെ ഫലമായി, ഷൊർണ്ണൂരിൽ ഉള്ള പല യന്ത്രസാമഗ്രികളും 1993-ൽ തൃക്കാക്കരയിലേയ്ക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ പൂർണ്ണമായി ഇവിടെ അച്ചടിക്കാൻ സാധിക്കുന്നില്ല. ആകെ അച്ചടിയന്ത്രങ്ങൾ 25 ആണ്. ലേലം വിളിച്ചത് രണ്ടാണ്. ഉപയോഗയോഗ്യമായത് മൂന്നെണ്ണം. സ്പെയർ പാർട്സ് കിട്ടാത്തതിന്റെ പേരിൽ വർക്കു ചെയ്യാതെ കിടക്കുന്നത് 7 എണ്ണം. കെട്ടിടങ്ങളാണെങ്കിൽ ചോർന്നൊലിച്ച് വൈദ്യുത ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ട് മേൽക്കൂര തകർന്നു കിടക്കുന്നു. അതുപോലെ ക്വാർട്ടേഴ്സുകളുണ്ട്. 62 ഫാമിലിക്കു താമസിക്കാൻ മൂന്നു ടൈപ്പിലുള്ള 34 കെട്ടിടങ്ങളുണ്ട്. പലതും നാശത്തിന്റെ വക്കിലാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താറില്ല. റിപ്പെയറിംഗിനായി 4 ലക്ഷം രൂപ അനുവദിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും പണം ഇതുവരെ അവിടെ എത്തിയതായിട്ട് അറിയുന്നില്ല. ആറും പത്തും കുടുംബങ്ങൾക്ക് ഒരു കക്കൂസ് വീതമാണുള്ളത്. മിക്ക കക്കൂസുകളും പൊട്ടി സെപ്ടിക് ടാങ്കുകൾ ചോർന്ന് ആ ക്വാർട്ടേഴ്സിൽ ആളുകൾക്ക് താമസിക്കാൻ പറ്റാത്ത വിധത്തിലായി. അതുപോലെ ക്വാർട്ടേഴ്സിനു ചുറ്റുമതിൽ നിർമ്മിക്കുന്നതിന്റെ പ്രവർത്തനം കുറെയൊക്കെ നടത്തിയെങ്കിലും പൂർണ്ണമായി പണി നടത്താൻ കഴിഞ്ഞിട്ടില്ല. ക്വാർട്ടേഴ്സിനകത്തുള്ള റോഡുകൾ, ഗതാഗതയോഗ്യമല്ലാത്ത രീതിയിലാണ്. അതുപോലെ ഗവൺമെന്റ് പ്രസ്സിൽ 63 പോസ്റ്റുകൾ ഒഴിവുണ്ട്. പ്രിൻറർ 30, കമ്പോസിറ്റർ 14, ബൈൻഡർ 5, ടൈം കീപ്പർ 2, ഗേറ്റ് കീപ്പർ 1, ടൈപ്പ് കാസ്റ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly